File No.LSGD-IB2/292/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കിലയിലെ രണ്ട് പാർട്ട് ടൈം സ്വീപ്പർമാർക്ക് പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(കൈ) നം.145/2020/ത.സ്വ.ഭ.വ     തീയതി,തിരുവനന്തപുരം, 28/09/2020

---

പരാമർശം:- 1. 24.10.2014-ലെ സ.ഉ.(കൈ)നം.183/2014/തസ്വഭവ

2. 05.03.2016-ലെ സ.ഉ. (അച്ചടി) നമ്പർ.35/2016/ധന

3. കില ഡയറക്ടർ ജനറലിന്റെ 09.10.2019, 15.05.2020 എന്നീ തീയതികളിലെ കില-2019/101/6549/HQ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കിലയിലെ പാർട്ട് ടൈം സ്വീപ്പർമാരായ ശ്രീമതി. ഇന്ദിര ടി.ജി., ശ്രീമതി. റോസക്കുട്ടി വി.ഒ. എന്നിവർക്ക് പരാമർശം (2)-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം സർക്കാരിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യം അനുവദിച്ച് നൽകുന്നതിനായുള്ള ഗവേണിംഗ് കൗൺസിൽ തീരുമാനം പരാമർശം (3)-ലെ കത്തുകൾ പ്രകാരം കില ഡയറക്ടർ ജനറൽ സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം സർക്കാർ അംഗീകരിച്ച KILA EMPLOYEES' SELF FINANCING PENSION RULES-ന്റെ ചട്ടം 19 പ്രകാരം പ്രസ്തുത പെൻഷൻ ചട്ടത്തിൽ ഭേദഗതി വരുത്താൻ സർക്കാർ അംഗീകാരം ആവശ്യമാണ്. ഈ സാഹചര്യത്തിൽ കിലയിലെ പാർട്ട് ടൈം സ്വീപ്പർമാരായ ശ്രീമതി. ഇന്ദിര ടി.ജി., ശ്രീമതി. റോസക്കുട്ടി വി.ഒ. എന്നിവർക്ക് പരാമർശം (2) ഉത്തരവ് പ്രകാരമുള്ള പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ മിനിമം പെൻഷൻ ആനുകൂല്യം [മാസം 4400 രൂപ] അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി .കെ. പ്രതാപൻ**
**ജോയിന്റ് സെക്രട്ടറി**

ശ്രീമതി. ഇന്ദിര ടി.ജി., പാർട്ട് ടൈം സ്വീപ്പർ, കില. (കില ഡയറക്ടർ ജനറൽ മുഖേന)

ശ്രീമതി. റോസക്കുട്ടി വി.ഒ., പാർട്ട് ടൈം സ്വീപ്പർ, കില. (കില ഡയറക്ടർ ജനറൽ മുഖേന)

ഡയറക്ടർ ജനറൽ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ./ഇ.ആർ.എസ്.എ.), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (04.05.2020-ലെ Dev-1/26/2020-Fin പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.